"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-ന്യൂഡൽഹിയിലെ നാഷണൽ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ഏജൻസിയിൽ വച്ച് **2026** ഒക്ടോബർ **08, 09** തീയതികളിൽ പിഎംജിഎസ് വൈ പദ്ധതിയുമായി ബന്ധപ്പെട്ട് **(BOQ, SBD, eMB, e-Billing** മൊഡ്യൂളുകൾക്കായി) നടന്ന മാസ്റ്റർ ട്രെയിനർമാർക്കുള്ള ഓഫ്ലൈൻ പരിശീലന പരിപാടിയിൽ ഉദ്യോഗസ്ഥർ പങ്കെടുക്കുന്നതിന് വിമാനയാത്ര നടത്തിയതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പ്

സ.ഉ.(സാധാ) നം.**2060/2026/LSGD** തീയതി,തിരുവനന്തപുരം, **01-11-2026**

പരാമർശം:-

1. കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്പ്മെന്റ് ഏജൻസി ചീഫ് എഞ്ചിനീയറുടെ **23.09.2026** തീയതിയിലെ **212/KSRRDA/PMGSY-B** നമ്പർ കത്ത്.
2. സ.ഉ(സാധാ)നം.**1811/2026**/തസ്വഭവ തീയതി. **26.09.2026**
3. കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്പ്മെന്റ് ഏജൻസി എംപവേർഡ് ഓഫീസറുടെ **01.10.2026** തീയതിയിലെ കെഎസ്ആർആർഡിഎ/**319/2026**/എ നമ്പർ കത്ത്.

ഉത്തരവ്

ന്യൂഡൽഹിയിലെ നാഷണൽ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ഏജൻസിയിൽ വച്ച് **2026** ഒക്ടോബർ **01, 02** തീയതികളിൽ പിഎംജിഎസ് വൈ പദ്ധതിയുമായി ബന്ധപ്പെട്ട് **(BOQ, SBD, eMB, e-Billing** മൊഡ്യൂളുകൾക്കായി) മാസ്റ്റർ ട്രെയിനർമാർക്കായി നടക്കുന്ന പരിശീലനത്തിൽ പങ്കെടുക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം(1) പ്രകാരം അഭ്യർത്ഥിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന ഉദ്യോഗസ്ഥർക്ക് പ്രസ്തുത ട്രെയിനിംഗിൽ പങ്കെടുക്കുന്നതിന് അനുമതി നൽകി പരാമർശം **(2)** പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

District	Name	Designation
Thrissur	Shri. Pradeesh P B	Assistant Executive Engineer

Idukki	Shri. Abin S Kannankara	Accredited Engineer
Kollam	Shri. Kiran Krishnan R V	Accredited Engineer
Kottayam	Shri. Jitt Joseph	Accredited Engineer
Kozhikode	Shri. Anish H	Accredited Engineer
Palakkad	Shri. Nithin M	Accredited Engineer

2) എന്നാൽ, **2026** ഒക്ടോബർ **01, 02** തീയതികളിൽ മാസ്റ്റർ ട്രെയിനർമാർക്കായി നടത്താൻ നിശ്ചയിച്ചിരുന്ന ടി ട്രെയിനിംഗ് **08.10.2026, 09.10.2026** തീയതികളിലേയ്ക്ക് മാറ്റിയിട്ടുള്ളതായി നാഷണൽ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ഏജൻസി ഡെപ്യൂട്ടി ഡയറക്ടർ **25.09.2026** തീയതിയിൽ ഇ-മെയിൽമുഖേന അറിയിച്ചിട്ടുണ്ടെന്നും പ്രസ്തുത ട്രെയിനിംഗിൽ പങ്കെടുക്കുന്നതിന് ട്രെയിൻ ടിക്കറ്റുകൾ ലഭ്യമാകുന്നില്ലന്നും ആയതിനാൽ തന്നെ വിമാനയാത്രയ്ക്ക് അനുമതി അനുവാദം നൽകണമെന്ന് മേൽ ഉദ്യോഗസ്ഥർ അറിയിച്ചിട്ടുണ്ടെന്നും സംസ്ഥാനത്ത് പി.എം.ജി.എസ്.വൈ റോഡ് പ്രവൃത്തികളുടെ മുന്നോട്ടുള്ള പുരോഗതിക്കും മറ്റു ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനും ഈ ഉദ്യോഗസ്ഥരുടെ പങ്കാളിത്തം അത്യാവശ്യമാണെന്നും ആയതിനാൽ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർക്ക് വിമാനയാത്ര നടത്തുന്നതിനായി പ്രത്യേക അനുമതി നൽ കണമെന്നും വിമാനയാത്രയ്ക്കും താമസത്തിനുമുള്ള ചെലവുകൾ **SNA**-യുടെ **2.5% Admin Cost**-ൽ നിന്ന് വഹിക്കാവുന്നതാണെന്നും ഇതിലൂടെ സംസ്ഥാന സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ലെന്നും പരാമർശം**(3)** പ്രകാരം അറിയിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ ന്യൂഡൽഹിയിലെ നാഷണൽ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ഏജൻസി -യിൽ വച്ച് **2026** ഒക്ടോബർ **08, 09** തീയതികളിൽ പിഎംജിഎസ് വൈ പദ്ധതിയുമായി ബന്ധപ്പെട്ട് **(BOQ, SBD, eMB, e-Billing** മൊഡ്യൂളുകൾക്കായി**)** നടത്തിയ മാസ്റ്റർ ട്രെയിനർമാർക്കുള്ള ഓഫ്ലൈൻ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന് മേൽ ഉദ്യോഗസ്ഥർ നടത്തിയ വിമാനയാത്രയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

1) ചീഫ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്പ്മെന്റ് ഏജൻസി, തിരുവനന്തപുരം
2) എംപവേർഡ് ഓഫീസർ,കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്പ്മെന്റ്

ഏജൻസി, തിരുവനന്തപുരം

3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഇ&ആർഎസ്എ/ജി&എസ്എസ്എ), കേരള, തിരുവനന്തപുരം

4) അക്കൗണ്ടന്റ് ജനറൽ(എ&ഇ)കേരള,തിരുവനന്തപുരം

5) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by Geetha. T. S
Date: 02-11-2026 11:13:20
സെക്ഷൻ ഓഫീസർ